# PREFACE

*The* **'FOCUS'** *is published by the Kerala Legislature Secretariat for the use of the members of the Kerala Legislative Assembly. It is a digest containing articles and excerpts from books on subjects of current intellectual, political, social and cultural interest, news, reports of the commissions and committees and reviews of books. The views expressed therein are those of the authors and do not necessarily reflect the views of the Kerala Legislature Secretariat.*

*Materials reproduced from other sources may not be republished in any form. Inquiries regarding permission for publication may be addressed directly to the sources cited.*

`

***V.K. BABU PRAKASH,***
***SECRETARY,***
***KERALA LEGISLATIVE ASSEMBLY.***

# CONTENTS

**VOL. XLVII** **November 2017** **No. 11**


| | ARTICLES | *page* |
|---|---|---|
| ഡോ.എം.വി.തോമസ് | വേണം നമുക്കൊരു ഭാഷാനയം [സമകാലിക ജനപഥം, 2017 നവംബർ] | 1-8 |
| കെ.സി.ജോൺസൺ | വ്യവസായ സ്ഥാപനങ്ങൾ : നടപടിക്രമങ്ങളും ചട്ടങ്ങളും [യോജന, 2017 നവംബർ] | 9-26 |
| Susan Mariamma Cheriyan | Waste Disposal and Sustainable Energy Generation [Southern Economist, 1 November, 2017 ] | 27-38 |
| O.B. Roopesh | When 'Anybody Can Be Brahmin' Appointment of Dalit Priests to Kerala Temples [Economic & Political Weekly, 18 November 2017] | 39-46 |
| Banjot Kaur | Brahmaputra's dredging vacillations [Down to Earth, 30 November 2017] | 47-52 |
| | **BOOK REVIEW** | |
| H.S. Mangat | Geopolitical Problem of Water War [Book review on "Indus Divided : India, Pakistan and the the River Basin Dispute" by Daniel Haines [Economic & Political Weekly, 18 November 2017] | 53-65 |
| | **LEGISLATIVE BUSINESS** | |
| | Resume of Business - 6th Session of the 16th West Bengal Legislative Assembly | 66-68 |

FOCUS



# വേണം നമുക്കൊരു ഭാഷാനയം

**ഡോ. എം.വി. തോമസ്**

ഭരണഭാഷ, കോടതി ഭാഷ, പഠന ഭാഷ എന്നിങ്ങനെ വിവിധ തലങ്ങളിൽ മലയാളത്തിന്റെ വിനിയോഗവും വ്യാപനവും എങ്ങനെ ആയിരിക്കണം എന്ന് വിഭാവനം ചെയ്യുന്ന ഒരു പൊതുഭാഷാ നയം രൂപീകരിച്ച് അതിന്റെ അടിസ്ഥാനത്തിൽ നിയമ നിർമാണം നടത്തുകയും നടപടികൾ സ്വീകരിക്കുകയും ചെയ്താൽ മാത്രമേ ഏതൊരു സർക്കാരിനും ഭാഷാ മേഖലയിൽ ഫലപ്രദമായി പ്രവർത്തിക്കുവാൻ കഴിയുകയുള്ളൂ. അതിനാൽ ഇന്ത്യൻ ഭരണഘടന, സംസ്ഥാന പുനഃസംഘടനാ കമ്മീഷന്റെ റിപ്പോർട്ട്, സംസ്ഥാനത്ത് നിലവിലുള്ള ഭാഷാ സംബന്ധമായ നിയമങ്ങൾ, ഭരണമുന്നണിയുടെ പ്രകടന പത്രിക, വിവിധ രാഷ്ട്രീയ പാർട്ടികളുടെയും ഐക്യമലയാള പ്രസ്ഥാനം തുടങ്ങിയ ജനകീയ സംരംഭങ്ങളുടെയും മാതൃഭാഷാ സ്നേഹികളായ മഹത്തുക്കളുടെയും അഭിപ്രായങ്ങൾ എന്നിവകൂടി പരിഗണിച്ച് കേരളത്തിന്റെ ഭാഷാനയത്തിന് എത്രയും വേഗം രൂപം നൽകേണ്ടതുണ്ട്.

**ഭരണഭാഷ**

1991 ലെ സെൻസസ് പ്രകാരം കേരളത്തിലെ 95.56% ആളുകൾ സംസാരിക്കുന്നത് മലയാളമാണ്. ആ നിലയ്ക്ക് മലയാളം സംസ്ഥാനത്തിന്റെ ഭരണഭാഷ ആയേ മതിയാവൂ. ദേശീയ ഭാഷയായ ഹിന്ദിക്കും ഇംഗ്ലീഷിനും സംസ്ഥാനത്ത് അനുബന്ധ ഔദ്യോഗികഭാഷാപദവി നൽകാവുന്നതാണ്. എന്നാൽ നിയമം അനുശാസിക്കുന്ന നിശ്ചിതകാര്യങ്ങൾക്കല്ലാതെ മറ്റൊന്നിനും ആ ഭാഷകൾ ഔദ്യോഗിക തലത്തിൽ ഉപയോഗിക്കുവാൻ പാടില്ല. മലയാളം ഉപയോഗിക്കേണ്ട സ്ഥാനത്ത് മറ്റേതെങ്കിലും ഭാഷ ഉപയോഗിക്കുന്നത് നിയമം മുഖേന ശിക്ഷാർഹമാക്കണം. നമ്മുടെ ഭരണസംവിധാനത്തിൽ ഹിന്ദി, ഇംഗ്ലീഷ്, ഇതരഭാഷകൾ എന്നിവ കൈകാര്യം ചെയ്യുന്നതിന് നിർദിഷ്ട ഭാഷാ ഡയറക്ടറേറ്റ് മുഖേന പ്രത്യേക സംവിധാനം ഏർപ്പെടുത്തണം.



## പി.എസ്.സി. പരീക്ഷകളും മറ്റും

സംസ്ഥാനത്ത് പി.എസ്.സി. ഉൾപ്പെടെ ഏതൊരു സർക്കാർ സ്ഥാപനവും സ്വകാര്യ സ്ഥാപനവും നിയമനത്തിനായി നടത്തുന്ന പരീക്ഷകൾക്കുള്ള ചോദ്യപേപ്പറുകൾ തയ്യാറാക്കുന്നത് മലയാളത്തിൽ ആയിരിക്കേണ്ടതാണ്. ആവശ്യാനുസരണം അവയ്ക്കൊപ്പം മറ്റു ഭാഷകൾ ചേർക്കാവുന്നതാണ്. ചോദ്യങ്ങൾക്കുള്ള ഉത്തരങ്ങൾ മലയാളം, ഇംഗ്ലീഷ്, ഹിന്ദി, സംസ്ഥാനത്തെ അംഗീകൃത ന്യൂനപക്ഷ ഭാഷകൾ എന്നിവയിലൊന്നിൽ എഴുതുന്നതിന് അനുവദിക്കാം. മലയാളത്തിൽ ഉത്തരമെഴുതുന്നവർക്ക് അഞ്ച് ശതമാനം മാർക്ക് പ്രോത്സാഹനത്തിനായി നൽകുന്നത് ഉചിതമായിരിക്കും. എൻട്രൻസ് പരീക്ഷ തുടങ്ങിയ മറ്റ് മത്സര പരീക്ഷകളും ഇതേ രീതിയിൽത്തന്നെ നടത്തണം. സർവകലാശാലകളും മറ്റ് വിദ്യാഭ്യാസ സ്ഥാപനങ്ങളും നടത്തുന്ന ഭാഷേതര പരീക്ഷകളിലും ഇതേനയം അനുവർത്തിക്കാവുന്നതാണ്.

## പഠനം മലയാളമാധ്യമത്തിൽ

സംസ്ഥാനം രൂപവത്കരിക്കപ്പെട്ട 1956 നവംബർ ഒന്നുവരെ ബ്രിട്ടീഷ് അധിനിവേശ സർക്കാരിന്റെ വിദ്യാഭ്യാസനയ പ്രകാരം ഇന്ത്യയിൽ മറ്റെല്ലായിടത്തുമെന്നതുപോലെ കേരളത്തിലും അഞ്ചാം ക്ലാസ് വരെയുള്ള ലോവർ പ്രൈമറി തലത്തിൽ അധ്യയന മാധ്യമം പൂർണമായും പ്രാദേശിക ഭാഷ ആയിരുന്നു. ആറാം ക്ലാസ്സിൽ ഇംഗ്ലീഷും ഏഴാം ക്ലാസ്സിൽ ഹിന്ദിയും പഠിപ്പിച്ചു തുടങ്ങിയിരുന്നു. ഈ ലേഖകൻ പ്രസ്തുത പദ്ധതിയനുസരിച്ച് അപ്പർ പ്രൈമറി സ്കൂളിലെ എട്ടാം ക്ലാസ്സിൽ പഠിക്കുന്ന കാലത്താണ് കേരള സംസ്ഥാനം രൂപവത്കൃതമായത്. അതിനു മുമ്പ് ഒരു തലത്തിലും ഇംഗ്ലീഷ് മീഡിയത്തിന് പ്രാമുഖ്യമുണ്ടായിരുന്നില്ല. എന്നാൽ കേരള സംസ്ഥാനം രൂപം കൊണ്ട ശേഷം ആദ്യം എയ്ഡഡ് തലത്തിലും പിന്നീട് സ്വാശ്രയതലത്തിലും ഏറ്റവും ഒടുവിൽ സർക്കാർ തലത്തിലും ഇംഗ്ലീഷ് മീഡിയത്തിലുള്ള വിദ്യാഭ്യാസത്തിന് പ്രചുരപ്രചാരം ലഭിച്ചു. ഇപ്പോൾ സ്വാശ്രയ മേഖലയിലും കേന്ദ്രീയ വിദ്യാലയങ്ങളിലും മലയാളം



പഠിപ്പിക്കുന്നത് കഴിയുന്നത്ര ഒഴിവാക്കുകയാണ് ചെയ്യുന്നത്. ഈ സാഹചര്യത്തിൽ താഴെപ്പറയുന്നവിധം പഠനമാധ്യമം സംബന്ധിച്ച നയം രൂപപ്പെടുത്താവുന്നതാണ്.

1) പ്ലേ സ്കൂൾ, നേഴ്സറി സ്കൂൾ (എൽ.കെ.ജി., യു.കെ.ജി.) ലോവർ പ്രൈമറി സ്കൂൾ എന്നിവിടങ്ങളിൽ ഏത് സിലബസ് പ്രകാരമുള്ള കോഴ്സായാലും മലയാള മാധ്യമത്തിൽ മാത്രമേ പഠിപ്പിക്കുവാൻ പാടുള്ളൂ. അഞ്ചാം ക്ലാസ് (യു.പി. സ്കൂളിന്റെ തുടക്കം) മുതൽ 12-ാം ക്ളാസ്സ് വരെ പഠിപ്പിക്കുന്ന സ്ഥാപനങ്ങളിൽ മലയാള മാധ്യമത്തിലുള്ള കോഴ്സുകൾക്ക് സമാന്തരമായല്ലാതെ ഇംഗ്ലീഷ് മീഡിയം കോഴ്സുകൾ യാതൊരു സ്ഥാപനത്തിലും നടത്താൻ പാടില്ല എന്ന് വ്യവസ്ഥ ചെയ്യണം. ന്യൂനപക്ഷ ഭാഷക്കാർക്കു വേണ്ടിയുള്ള വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ ഈ വ്യവസ്ഥ നടപ്പാക്കേണ്ടതില്ല. ഇംഗ്ലീഷ് മാധ്യമത്തിൽ നടത്തുന്ന കോഴ്സുകൾ കേന്ദ്രീയ സിലബസ്സുകൾ പ്രകാരമാണെങ്കിൽ മലയാള മാധ്യമത്തിൽ സമാന്തരമായി നടത്തുന്ന കോഴ്സുകൾ കേരള സിലബസ്സ് പ്രകാരമോ കേന്ദ്രീയ സിലബസ്സ് പ്രകാരമോ നടത്താവുന്നതാണ്. ഒന്നു മുതൽ 12 വരെയുള്ള സ്റ്റാൻഡേർഡുകളിൽ ഏത് സിലബസ്സ് പ്രകാരമായാലും ഏത് മാധ്യമത്തിലായാലും വിദ്യാർഥികൾ ഒരു വിഷയമെന്ന നിലയിൽ മലയാളം പഠിച്ചിരിക്കേണ്ടതാണ്. ഇതിലേക്ക് കേരള സർക്കാർ പ്രസിദ്ധീകരിക്കുന്ന മലയാള പാഠപുസ്തകങ്ങൾ മാത്രമേ ഉപയോഗിക്കാൻ പാടുള്ളൂ എന്ന് തീരുമാനിക്കുന്നത് ഉചിതമായിരിക്കും.

**ഉന്നതവിദ്യാഭ്യാസവും മലയാള ഭാഷാപഠനവും**

ഗ്രാജ്വേറ്റ്, പോസ്റ്റ് ഗ്രാജ്വേറ്റ് ബിരുദങ്ങൾ, അണ്ടർ ഗ്രാജ്വേറ്റ്, പോസ്റ്റ് ഗ്രാജ്വേറ്റ് തലങ്ങളിലുള്ള ഡിപ്ലോമകൾ, പ്രൊഫഷണൽ കോഴ്സുകൾ മലയാളത്തിലോ ഇംഗ്ലീഷിലോ പഠിക്കുന്നതിനും പരീക്ഷ എഴുതുന്നതിനുമുള്ള സ്വാതന്ത്ര്യം വിദ്യാർത്ഥികൾക്ക് ഉണ്ടായിരിക്കണം. പഠിപ്പിക്കുന്നത് ഇംഗ്ലീഷിലോ മലയാളത്തിലോ ഇവ രണ്ടും കലർന്ന രീതിയിലോ ആകാവുന്നതാണ്.



ഡിഗ്രിക്ലാസ്സുകളിൽ ഒന്നാം ഭാഷയായോ രണ്ടാം ഭാഷയായോ മുഖ്യവിഷയമായോ ഉപവിഷയമായോ മലയാളം പഠിക്കേണ്ടാത്ത വിദ്യാർത്ഥികൾ ഉപവിഷയത്തിന്റെ ഭാഗമായി ആഴ്ചയിൽ രണ്ടുമണിക്കൂർ സമയം, അതതു വിഷയങ്ങളുമായി ബന്ധപ്പെട്ട പ്രായോഗിക മലയാളം പഠിക്കണം. കഴിയുന്നത്ര അതതു വിഭാഗത്തിൽ ഉള്ള പന്ത്രണ്ടാം സ്റ്റാൻഡേർഡുവരെയെങ്കിലും മലയാളം പഠിക്കുകയോ പ്രായോഗിക മലയാളത്തിൽ പ്രത്യേക പരിശീലനം നേടുകയോ ചെയ്ത അധ്യാപകരെ നിയോഗിക്കാം. പോസ്റ്റ് ഗ്രാജ്വേഷൻ, എൻജിനീയറിംഗ്, മെഡിസിൻ, ബി.എഡ്, വിവിധ തലങ്ങളിലുള്ള അണ്ടർ ഗ്രാജ്വേറ്റ്, പോസ്റ്റ് ഗ്രാജ്വേറ്റ് ഡിപ്ലോമകൾ എന്നിവയിൽ സിലബസ്സിന്റെ ഭാഗമായി മലയാളം പഠിക്കേണ്ടതില്ലെങ്കിൽ അതതു വിഷയവുമായി ബന്ധപ്പെട്ട പ്രയോഗിക മലയാളം ആഴ്ചയിൽ ഒരു മണിക്കൂറെങ്കിലും പഠിപ്പിക്കണം.

ഗവേഷണ പ്രബന്ധങ്ങൾ ഏതുതലത്തിലായാലും മലയാളത്തിൽ തയ്യാറാക്കി സമർപ്പിക്കുന്നതിന് സർവകലാശാലകൾ ഗവേഷകർക്ക് അനുമതി നൽകണം. ഇതിലേക്കുള്ള സൗകര്യങ്ങൾ ഒരുക്കുന്നതിന് മലയാള സർവകലാശാല മുൻകൈ എടുക്കുകയും കേരളത്തിലെ മറ്റ് സർവകലാശാലകളെ ഇക്കാര്യത്തിൽ സജ്ജമാക്കുന്നതിന് ആവശ്യമായ സഹായ സഹകരണങ്ങളും മാർഗനിർദ്ദേശങ്ങളും നല്കുകയും വേണം.

**കോടതിഭാഷ**

സംസ്ഥാന രൂപവത്കരണം വരെ കേരളത്തിലെ തിരുവിതാംകൂർ, പഴയ കൊച്ചി രാജ്യങ്ങളിൽ കീഴ്ക്കോടതി തലത്തിൽ ഏതാണ്ട് പൂർണമായും ഹൈക്കോടതി തലത്തിൽ ഭാഗികമായും മലയാളഭാഷയാണ് ഉപയോഗിച്ചിരുന്നത്. ഹൈക്കോടതിയുടെ വിധി ഇംഗ്ലീഷിലാണെങ്കിൽ അതിന്റെ മലയാളത്തിലുള്ള വിവർത്തനം കക്ഷികൾക്ക് ലഭ്യമാക്കുന്നതിനുള്ള സംവിധാനങ്ങൾ ഏർപ്പെടുത്തിയിരുന്നു. ഏതെങ്കിലും കീഴ്ക്കോടതി വിധി എന്തെങ്കിലും പ്രത്യേക സാഹചര്യത്തിൽ ഇംഗ്ലീഷിൽ തയ്യാറാക്കുന്നപക്ഷം അതിന്റെ വിവർത്തനവും കക്ഷികൾക്ക്



കിട്ടിയിരുന്നു. ബ്രിട്ടീഷ് ഇന്ത്യയിലെ ഒരു ജില്ല ആയിരുന്ന മലബാറിൽ കീഴ്ക്കോടതികൾ മാത്രമേ ഉണ്ടായിരുന്നുള്ളൂ. മലബാറിൽ ഭരണതലത്തിലും കോടതിതലത്തിലും കഴയുന്നത്ര മലയാളം ഉപയോഗിക്കുന്നതിന് അധികാരികൾ ശ്രദ്ധിച്ചിരുന്നു. 1947 ൽ ഇന്ത്യക്ക് സ്വാതന്ത്ര്യം കിട്ടിയപ്പോഴും നീതിന്യായമേഖലയിൽ മലയാളഭാഷയ്ക്ക് ഉണ്ടായിരുന്ന പ്രാമുഖ്യം സംസ്ഥാന രൂപവത്കരണം വരെയും നിലനിന്നു. 1956 നുശേഷം പൂർണമായും ഇംഗ്ലീഷിൽ പ്രവർത്തിക്കുന്ന ഹൈക്കോടതിയുടെ ചുവടുപിടിച്ച് സംസ്ഥാനത്തെ മുഴുവൻ കോടതികളുടെയും പ്രവർത്തനം ഇംഗ്ലീഷിലായി. തെളിവുകളും വിചാരണയും മറ്റും മലയാളത്തിലായാലും വാദവും വിധിയെഴുത്തും മറ്റ് നടപടിക്രമങ്ങളും ഇംഗ്ലീഷിൽ മാത്രമായി. ഇന്ത്യൻ ഭരണഘടന പ്രാബല്യത്തിൽ വരുന്നതിന് തൊട്ടു മുമ്പ് സ്റ്റേറ്റിനുള്ളിലെ ഏതെങ്കിലും കാര്യത്തിന് ഇംഗ്ലീഷ് ഭാഷ ഉപയോഗിച്ചു വന്നിരുന്നെങ്കിൽ അതിൽ നിയമനിർമാണം വഴി മാറ്റം വരുത്തുംവരെ ഇംഗ്ലീഷ് തുടർന്നും ഉപയോഗിക്കുന്നതിന് ഭരണഘടനയിലെ 345-ാം അനുച്ഛേദം അനുമതി നല്കുന്നുണ്ട്. എന്നാൽ കീഴ്ക്കോടതികളിൽ മുമ്പ് മലയാളം ഉപയോഗിച്ചിരുന്നത് മാറ്റിയിട്ട് അവിടെ പൂർണമായും ഇംഗ്ലീഷ് നടപ്പാക്കിയതിന് ഭരണഘടനാപരമായ സാധുത ഉണ്ടോ എന്ന് പരിശോധിക്കേണ്ടിയിരിക്കുന്നു. അതെന്തായാലും ഒരു വികസിത പ്രാദേശിക ഭാഷ സ്വന്തമായുള്ള ഒരൊറ്റ ഇന്ത്യൻ സംസ്ഥാനവും-കേരളം ഒഴികെ-കീഴ്ക്കോടതിയിലെ നടപടികൾ ഇംഗ്ലീഷിൽ നടത്തുന്നില്ല എന്നാണ് അറിയുന്നത്. അത്യന്തം ശോചനീയമായ ഈ അവസ്ഥയിൽ കേരളത്തിലെ കീഴ്ക്കോടതി നടപടികൾ മലയാളത്തിലാക്കാൻ ഇനി ഒരു നിമിഷം പോലും വൈകിക്കൂടാ. കേരള സർക്കാർ നിയമിച്ച ജസ്റ്റീസ് കെ.കെ.നരേന്ദ്രൻ അധ്യക്ഷനായ സമിതി 1987 മാർച്ച് 24 ന് സമർപ്പിച്ച റിപ്പോർട്ടിൽ ഇങ്ങനെ പറയുന്നു. ‘കീഴ്ക്കോടതി നടപടികൾ മലയാളത്തിലാക്കുന്നതിന് മുമ്പായി ഈ റിപ്പോർട്ടിൽ പറഞ്ഞിട്ടുള്ള ഏർപ്പാടുകൾ പൂർത്തിയാക്കുന്നതിന് ഒന്നുരണ്ടുകൊല്ലം സമയം വേണ്ടി വരുന്നതായിരിക്കും’. അതായത്



പരമാവധി 1989 മാർച്ച് 24 ന് മുമ്പ് കേരളത്തിലെ കീഴ്ക്കോടതികളിൽ മലയാളം നടപ്പാക്കേണ്ടതായിരുന്നു. ഈ റിപ്പോർട്ട് സമർപ്പിച്ചിട്ട് ഇപ്പോൾ 30 വർഷം പൂർത്തിയായിരിക്കുന്നുവെങ്കിലും ഈ വഴിക്ക് കാര്യമായ യാതൊരു പുരോഗതിയും ഉണ്ടായിട്ടില്ല. ഹൈക്കോടതിയിൽ അതതു സംസ്ഥാനത്തെ പ്രാദേശിക ഭാഷ നടപ്പാക്കുന്നത് സംബന്ധിച്ച വ്യവസ്ഥകൾ ഭരണഘടനയുടെ 348(2) അനുച്ഛേദത്തിൽ ചേർത്തിട്ടുണ്ട്. അതനുസരിച്ച് സംസ്ഥാനം സ്വീകരിക്കേണ്ട നടപടികളും ഭാഷാനയത്തിൽ ഉണ്ടാവണം. ഭരണഘടനാ വ്യവസ്ഥ പ്രകാരം സുപ്രീംകോടതിയിലെ വ്യവഹാരഭാഷ കാലക്രമേണ ഹിന്ദിയായി മാറുമെന്ന ദീർഘവീക്ഷണത്തോടെ ആവശ്യമായ മുന്നൊരുക്കങ്ങൾ ചെയ്യാനുള്ള പദ്ധതികളും നമ്മുടെ ഭാഷാനയത്തിൽ ഉണ്ടാവണം.

**നിയമപഠനം**

നിയമവിദ്യാഭ്യാസം മലയാളത്തിലാക്കിയശേഷം മാത്രമേ കോടതി നടപടികൾ മലയാളത്തിലാക്കാവൂ എന്നൊരു തൊടുന്യായത്തിൽ പിടിച്ചാണ് ചില കുതന്ത്രശാലികൾ കീഴ്ക്കോടതികളിലെ ഭാഷാ മാറ്റപ്രക്രിയയ്ക്ക് തടസ്സം നില്ക്കുന്നത്. എന്നാൽ കേരളത്തിലെ കീഴ്ക്കോടതികളിൽ പ്രവർത്തിക്കുന്ന അഭിഭാഷകരിലും ജഡ്ജിമാരിലും ബഹുഭൂരിപക്ഷംപേരും മലയാളഭാഷയിൽ പരിജ്ഞാനം ഉള്ളവരാണ്. കൂടാതെ കീഴ്ക്കോടതികളിൽ മലയാളം നടപ്പിലാക്കിയാൽ മാത്രമേ നിയമ വിദ്യാഭ്യാസം മലയാളത്തിലാവുകയുള്ളൂ എന്ന് ഇതിനകം തെളിഞ്ഞിട്ടുണ്ട്. അതിനാൽ 'നിയമവിദ്യാഭ്യാസം മലയാളത്തിലാക്കുന്നതുവരെ കോടതി നടപടികൾ മലയാളത്തിലാക്കുന്നതിന് കാത്തിരിക്കേണ്ട ആവശ്യമില്ല' എന്ന ജസ്റ്റിസ് നരേന്ദ്രൻ കമ്മിറ്റിയുടെ ശുപാർശ(ഖണ്ഡിക 7) സംശയലേശമന്യേ അംഗീകരിക്കാവുന്നതാണ്.

നിയമപഠനം പൂർണമായും മലയാളത്തിലാക്കുന്നതിനു പകരം നിലവിലുള്ള ത്രിവത്സര-പഞ്ചവത്സര എൽഎൽബി. കോഴ്സുകൾക്ക് ഇംഗ്ലീഷും-മലയാളവും ഉൾപ്പെടുന്ന ദ്വിഭാഷാമാധ്യമം സ്വീകരിക്കുകയും



പരീക്ഷകൾ ഇംഗ്ലീഷിലോ മലയാളത്തിലോ എഴുതുന്നതിന് വിദ്യാർത്ഥികളെ അനുവദിക്കുകയും ചെയ്യാവുന്നതാണ്. കൂടാതെ ഈ കോഴ്സുകളുടെ എല്ലാ സെമസ്റ്ററുകളിലും ഓരോ ആഴ്ചയും രണ്ട് മണിക്കൂർ വീതം 'നിയമനടപടികൾ മലയാളത്തിൽ'എന്ന ഒരു പേപ്പർ പഠിപ്പിക്കുന്നതിനായി വിനിയോഗിക്കാം. കീഴ്ക്കോടതി നടപടികൾ മലയാളത്തിൽ നടത്തുന്നതു സംബന്ധിച്ച് എൽഎൽ.ബി. ബിരുദധാരികൾക്ക് പ്രത്യേക പരിജ്ഞാനവും പരിശീലനവും നല്കുന്നതിനായി പി.ജി.ഡിപ്ലോമ ഇൻ ലാ (മലയാളം) എന്ന പേരിലോ മറ്റോ ഒരു പരിശീലന പരിപാടി എല്ലാ ലോ കോളേജുകളിലും ആരംഭിക്കുന്നത് അഭിലഷണീയമായിരിക്കും. കാലക്രമേണ മലയാള മാധ്യമത്തിലുള്ള നിയമബിരുദകോഴ്സുകളും തുടങ്ങാൻ കഴിയും. ജഡ്ജിമാരെ തിരെഞ്ഞെടുക്കുമ്പോൾ അപേക്ഷകരുടെ മലയാളഭാഷാ പരിജ്ഞാനം കൂടി പരിശോധിക്കേണ്ടതാണ്.

**ഉദ്യോഗസ്ഥരും മലയാളഭാഷയും**

മലയാളത്തിൽ ഭരണപരമായ കാര്യങ്ങൾ കൈകാര്യം ചെയ്യാൻ കഴിവില്ലാത്ത യാതൊരാളും സംസ്ഥാന സർവീസിൽ ഉണ്ടാവാൻ പാടില്ല. പത്താംക്ലാസ്സ് വരെയെങ്കിലും അഥവാ ഹയർസെക്കൻഡറിയിലോ ബിരുദതലത്തിലോ രണ്ടാം ഭാഷ എന്ന നിലയിലെങ്കിലും മലയാളം പഠിച്ചിട്ടില്ലാത്ത, മലയാളം മാതൃഭാഷയായിട്ടുള്ള ആരെങ്കിലും സർവീസിൽ കടന്നുകൂടിയിട്ടുണ്ടെങ്കിൽ സർവീസിൽ സ്ഥിരപ്പെടുത്തുന്നതിന് അവർ 10-ാം സ്റ്റാൻഡേർഡ് തലത്തിലുള്ള പരീക്ഷ പാസ്സാകണം. ഈ പരീക്ഷകൾക്ക് പരിശീലനം നൽകുന്നതിനും പരീക്ഷ നടത്തുന്നതിനും കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ടിനെ ചുമതലപ്പെടുത്താം.

ഭാഷാവികസനത്തിനുവേണ്ടി ഒരു മന്ത്രിയുടെ ചുമതലയിൽ പ്രത്യേക വകുപ്പ് ഉണ്ടായിരിക്കണം. ഈ വകുപ്പിന്റെ കർത്തവ്യം നയരൂപവത്കരണവും മേൽനോട്ടവുമായിരിക്കണം. ഭാഷാനയം നടപ്പാക്കലിന്റെ പൂർണ ചുമതല ഏല്പിക്കുന്നതിനായി ഒരു ഭാഷാ ഡയറക്ടറേറ്റ് എത്രയും വേഗം രൂപവത്ക്കരിക്കണം. ലിപിപരിഷ്കരണം, കമ്പ്യൂട്ടർവത്കരണം, മലയാള ഭാഷാബോധനം, വ്യാപനം, ഏകോപനം,



ശിക്ഷാനടപടികൾ മുതലായവ ഈ വകുപ്പിന്റെ കർത്തവ്യങ്ങളിൽ ഉൾപ്പെടുത്തണം. ഈ ഡയറക്ടറേറ്റിന്റെ കീഴിൽ കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ടിനെ കൊണ്ടു വരണം. പുസ്തക പ്രസാധനത്തിനു പുറമേ പരിഭാഷാ പരിശീലനം, മലയാളഭാഷാ പരിശീലനം, മലയാളഭാഷാ പരിജ്ഞാന പരിശോധനയ്ക്കുള്ള പരീക്ഷകളുടെ നടത്തിപ്പ് എന്നീ ചുമതലകൾ കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ടിന് നല്കണം. മലയാളഭാഷയ്ക്ക് അത്യന്താപേക്ഷിതമായ ശൈലീപുസ്തകം ഇൻഫർമേഷൻ പബ്ളിക് റിലേഷൻസ് വകുപ്പ് തയ്യാറാക്കിയിട്ടുള്ളത് കർശനമായും പിന്തുടരുന്നതിന് എല്ലാ സർക്കാർ സ്ഥാപനങ്ങൾക്കും അച്ചടിശാലകൾക്കും നിർദേശം നല്കണം. പാഠപുസ്തകങ്ങൾ, ഔദ്യോഗിക രേഖകൾ എന്നിവ ശൈലീപുസ്തകത്തിലെ മാർഗനിർദ്ദേശങ്ങൾക്ക് അനുസൃതമായി മാത്രമേ അച്ചടിക്കുവാനും എഴുതുവാനും പാടുള്ളൂ എന്ന് കർക്കശ നിർദേശം നല്കണം.

മലയാള ഭാഷയുടെ വിനിയോഗവും വ്യാപനവും സംബന്ധിച്ച് ഇവിടെ പരാമർശിച്ചവയും അല്ലാത്തവയുമായ ഒട്ടേറെ പ്രശ്നങ്ങളിൽ വ്യക്തമായ നയരൂപവത്കരണം നടത്തേണ്ടതുണ്ട്. ഇക്കാര്യത്തിൽ ഐക്യമലയാള പ്രസ്ഥാനം തുടങ്ങിയ ജനകീയ സംരഭങ്ങളുടെ കാഴ്ചപ്പാടുകളും അനുഭവജ്ഞാനവും സർക്കാരിന് തീർച്ചയായും പ്രയോജനം ചെയ്യും. ഇപ്രകാരം വ്യക്തവും വിശദവുമായ ഒരു ഭാഷാനയം രൂപവത്കരിച്ച് പ്രഖ്യാപിക്കുകയും അത് നടപ്പാക്കുകയും ചെയ്യാൻ സർക്കാരിനു കഴിയട്ടെ എന്ന് പ്രത്യാശിക്കുന്നു.

**സമകാലിക ജനപഥം,**

**നവംബർ, 2017.**

ﻫﻫﻫﻫ



# വ്യവസായ സ്ഥാപനങ്ങൾ : നടപടിക്രമങ്ങളും ചട്ടങ്ങളും

**കെ.സി. ജോൺസൺ**

സൂക്ഷ്മ, ചെറുകിട, ഇടത്തരം സംരംഭം എന്നാൽ വിവിധ ശ്രേണിയിലുളള ചെറുകിട വ്യവസായ സേവന സ്ഥാപനങ്ങൾ എന്നാണ്. 2006 ഒക്ടേബർ 2-ാം തീയതി പാർലമെന്റിൽ പാസാക്കിയ എംഎസ്എംഇ വികസന (MSME Development) ആക്ട് പ്രകാരമാണ് സൂക്ഷ്മ, ചെറുകിട, ഇടത്തര സംരംഭം എന്ന പദപ്രയോഗം നിലവിൽ വന്നത്. ഇവിടെ Enterprise അല്ലെങ്കിൽ സംരംഭം എന്ന പദത്തിന് രണ്ടർത്ഥം വിവക്ഷിക്കുന്നു. ഒന്ന് വ്യവസായ ഉൽപാദനം. രണ്ട് സേവനം. അങ്ങനെ നോക്കുമ്പോൾ ആറ് വ്യത്യസ്ത പ്രവർത്തനങ്ങൾ നമുക്ക് ഇതിൽ കാണാവുന്നതാണ്. അതായത് സൂക്ഷ്മ വ്യവസായ സംരംഭം, ഇടത്തര വ്യവസായ സംരംഭം, ചെറുകിട വ്യവസായ സംരംഭം. അതുപോലെ സൂക്ഷ്മ സേവന സംരംഭം, ചെറുകിട സേവന സംരംഭം, ഇടത്തര സേവന സംരംഭം.

ഒരു സംരംഭം ആരംഭിക്കുന്നതിന് 4 ഘടകങ്ങൾ ആവശ്യമുണ്ട്. ഒന്ന് സ്ഥലം, രണ്ട് തൊഴിലാളികൾ, മൂന്ന് മൂലധനം, നാല് സംരംഭകർ. ആഗോള തലത്തിൽ എംഎസ്എംഇയെ മൊത്തവില്പനയുടേയും ആകെയുളള തൊഴിലാളികളുടേയും എണ്ണത്തെ ആസ്പദമാക്കി നിർവചിച്ചിട്ടുണ്ടെങ്കിലും ഇന്ത്യയിൽ ഇവയെ നിർവചിച്ചിരിക്കുന്നത് മൂലധന നിക്ഷേപത്തോതിനെ ആസ്പദമാക്കിയാണ്.

25 ലക്ഷം രൂപ വരെ യന്ത്രസാമഗ്രികളിൽ മുതൽമുടക്കുളള സംരംഭങ്ങളെ സൂക്ഷ്മ വ്യവസായ സംരംഭം എന്ന് പറയുന്നു. 25 ലക്ഷം തുടങ്ങി 5 കോടി രൂപ വരെ നിക്ഷേപമുളളത് ചെറുകിട വ്യവസായ സംരംഭം. 5 കോടി തൊട്ട് 10 കോടി രൂപ വരെ യന്ത്രസാമഗ്രികളിൽ നിക്ഷേപമുളള സംരംഭങ്ങളാണ് ഇടത്തര സംരംഭങ്ങൾ.



സേവന സംരംഭങ്ങളെ സംബന്ധിച്ചിടത്തോളം യന്ത്രസാമഗ്രികൾക്ക് പകരം ഉപകരണങ്ങളിലെ നിക്ഷേപമാണ്. 10 ലക്ഷം രൂപ വരെ ഉപകരണങ്ങളിൽ നിക്ഷേപമുള്ളവയെ സൂക്ഷ്മ സേവന സംരംഭങ്ങൾ എന്നറിയപ്പെടുന്നു. 10 ലക്ഷം രൂപ തുടങ്ങി 2 കോടി രൂപ വരെ ഉപകരണങ്ങളിൽ നിക്ഷേപമുള്ളവയെ ചെറുകിട സേവന സംരംഭങ്ങൾ എന്നു പറയുന്നു. 2 കോടി മുതൽ 5 കോടി വരെ ഉപകരണങ്ങളിൽ നിക്ഷേപമുള്ളവയെ ഇടത്തരം സേവന സംരംഭങ്ങൾ എന്നറിയപ്പെടുന്നു.

എംഎസ്എംഇ എന്ന ആശയം 2006 ൽ നിലവിൽ വന്നതാണ്. 2017 ആയപ്പോഴേയ്ക്കും രൂപയുടെ മൂല്യം വളരെ കുറയുകയും നിർദ്ദിഷ്ട നിർവചന പരിധി ചുരുങ്ങുകയും ചെയ്തതിനാൽ എംഎസ്എംഇയ്ക്ക് ഒരു പുതിയ നിർവചനം അത്യന്താപേക്ഷിതമായിരിക്കുന്നു. അതനുസരിച്ച് പുതിയ നിർവചനം പാർലമെന്റിന്റെ അനുമതിക്കായി സമർപ്പിക്കപ്പെട്ടിരിക്കുകയാണ്. അത് പ്രകാരം സൂക്ഷ്മ ചെറുകിട സംരംഭങ്ങളുടെ പരിധി ഇപ്പോഴത്തെ പരിധിയുടെ ഇരട്ടി ആവുകയും ഇടത്തര സംരംഭങ്ങളുടേത് മൂന്നിരട്ടി ആവുകയും ചെയ്യുന്നു. അങ്ങനെ വരുമ്പോൾ വ്യവസായ സംരംഭങ്ങൾക്കുള്ള പരിധി 25 ലക്ഷം എന്നത് 50 ലക്ഷം ആവുകയും 5 കോടി എന്നത് 10 കോടി ആവുകയും 10 കോടി എന്നത് 30 കോടി ആവുകയും ചെയ്യും. ഇത് സേവന സംരംഭങ്ങൾക്കും ബാധകമാണ്.

ആഗോളതലത്തിൽ ഓരോ രാജ്യത്തേയും മൊത്ത ആഭ്യന്തര ഉൽപാദനത്തിൽ (GDP) എംഎസ്എംഇയുടെ സംഭാവന നോക്കുകയാണെങ്കിൽ തായ്‌വാന്റെ മൊത്ത ഉൽപാദനത്തിന്റെ 85 ശതമാനം എംഎസ്എംഇയിൽ നിന്നാണ്. ഇറ്റലിയുടെ 68 ശതമാനവും ഫ്രാൻസിന്റെ 59 ശതമാനവും എംഎസ്എംഇയിൽ നിന്നാണ്. എന്നാൽ ഇന്ത്യയിൽ എംഎസ്എംഇയുടെ സംഭാവന വെറും 8 ശതമാനം മാത്രമാണ്. ഇതിൽ നിന്ന് ഇന്ത്യയിൽ എംഎസ്എംഇയ്ക്ക് ഇനിയും ഏറെ വളരാനുണ്ടെന്ന്



നമുക്ക് കാണാം. ഇതിനായി ഗവൺമെന്റ് ധാരാളം പദ്ധതികളുമായി മുന്നോട്ട് വന്നിട്ടുണ്ട്.

1947 ൽ ഇന്ത്യ സ്വാതന്ത്ര്യം നേടുമ്പോൾ രാജ്യം വളരെ ദരിദ്രമായിരുന്നു. കൊളോണിയൽ ഗവൺമെന്റ് നമ്മുടെ സമ്പത്ത് കൊള്ളയടിച്ച് കൊണ്ടുപോയി. ഒരിക്കൽക്കൂടി ഇത്തരത്തിലുള്ള ചൂഷണം സംഭവിക്കാതിരിക്കാൻ രാജ്യം ഒരു സോഷ്യലിസ്റ്റ് റിപ്പബ്ലിക്കൻ സാമ്പത്തിക ഘടന സ്വീകരിച്ചു. അതിൻ പ്രകാരം പഞ്ചവത്സര പദ്ധതികൾ ആസൂത്രണം ചെയ്തു. അതിന്റെ അടിസ്ഥാനത്തിൽ ഗവൺമെന്റ് ഉത്പാദനം, നിക്ഷേപം, വിപണനം എന്നിവ നിയന്ത്രിച്ചു. വിദേശ നിക്ഷേപം അനുവദിച്ചില്ല. സ്വകാര്യ നിക്ഷേപങ്ങളെ ചുരുക്കി. ജനസംഖ്യാ വർദ്ധനവ് സാങ്കേതിക മികവിനെ പ്രോത്സാഹിപ്പിച്ചില്ല.

ഈ അവസ്ഥാ വിശേഷം വ്യവസായ വളർച്ചയ്ക്ക് ഉത്തേജകമായിരുന്നില്ല. എത്ര ശ്രമിച്ചിട്ടും വ്യവസായ വളർച്ചാനിരക്ക് 7 ശതമാനത്തിൽ നിന്ന് മുകളിൽ പോയില്ല. 1990 ആയപ്പോഴേയ്ക്കും സ്ഥിതിഗതികൾ താറുമാറായി. ഗൾഫ് യുദ്ധം വന്നതോടെ എണ്ണവില പലമടങ്ങ് കുത്തനെകൂടി. നമ്മുടെ ഇന്ധന വിപണിയിലെ 90 ശതമാനവും ഗൾഫ് രാജ്യങ്ങളിൽ നിന്നുള്ള ഇറക്കുമതി ആയിരുന്നു. ഇതോടൊപ്പം തന്നെ നമ്മുടെ ഏറ്റവും ഉറ്റ ബിസിനസ്സ് പങ്കാളി ആയിരുന്ന സോവിയറ്റ് യൂണിയൻ വിവിധ രാജ്യങ്ങളായി വിഘടിച്ച് പോയി. ഈ രണ്ട് അവസ്ഥാ വിശേഷങ്ങളും ഭീകരമായ ഒരു വിദേശ കടക്കെണിയിലേക്ക് നമ്മെ കൊണ്ടുപോയി. അതിൽ നിന്ന് കരകയറാൻ വേൾഡ് ബാങ്ക് നിർദ്ദേശാനുസരണം ആഗോളവത്കരണത്തിലേക്ക് അല്ലെങ്കിൽ സ്വകാര്യവത്കരണത്തിലേക്ക് നാം എത്തിച്ചേർന്നു.

ആഗോളവൽക്കരണം നമ്മുടെ ഉൽപന്നങ്ങൾക്ക് വിദേശ കമ്പോളം നേടിത്തരുമെന്നു നാം ആശിച്ചു. എന്നാൽ സംഭവിച്ചത് വിദേശ ഉൽപന്നങ്ങൾ നമ്മുടെ കമ്പോളത്തിൽ വന്ന് നിറയുകയും നമ്മുടെ ഉൽപന്നങ്ങൾ വിൽക്കാനാകാതെ കെട്ടിക്കിടക്കുകയും ചെയ്തു.



അതിനാൽ നമ്മുടെ എംഎസ്എംഇകൾ ഓരോന്നായി അടച്ചുപൂട്ടേണ്ട അവസ്ഥയിലേക്ക് മാറി. ഇതിനുള്ള പ്രധാനകാരണം നമ്മുടെ മത്സരക്ഷമത വളരെ കുറവായിരുന്നു എന്നതാണ്.

ആഗോളവൽക്കരണത്തിനുമുമ്പ് ഗവൺമെന്റിന് താരിഫും മറ്റും ചുമത്തി നമ്മുടെ വ്യവസായങ്ങളെ സംരക്ഷിക്കാനാകുമായിരുന്നെങ്കിൽ സ്വകാര്യവൽക്കരണത്തിന് ശേഷം ഗവൺമെന്റിന് നമ്മുടെ സംരംഭങ്ങളുടെ മത്സരക്ഷമത ഉയർത്താൻ ഒരു facilitator (സാദ്ധ്യകന്റെ) റോളിൽ നിന്ന് കൊണ്ട് പ്രവർത്തിക്കാനേ സാധ്യമായിരുന്നുള്ളൂ.

മത്സരക്ഷമത ഏറെ താഴെപോകുവാനുള്ള പ്രധാനകാരണം കമ്പോളത്തിലേക്ക് തുളഞ്ഞു കയറാനുള്ള സാങ്കേതിക അപര്യാപ്തത, ടെക്നോളജിയുടെ മികവില്ലായ്മ, ഉയർന്ന പലിശ നിരക്ക്, മോശം അടിസ്ഥാന സൗകര്യങ്ങൾ, തൊഴിൽ വൈദഗ്ദ്ധ്യക്കുറവ് എന്നിവയാണ്. ഇവയെ ദൂരീകരിക്കാൻ ഗവൺമെന്റ് ഒരു വിദഗ്ധ കമ്മിറ്റിയെ പഠനത്തിനായി നിയോഗിച്ചു. അതിന്റെ പേരാണ് നാഷണൽ മാനുഫാക്ചറിങ് കോംപറ്റീറ്റീവ്നസ് കൗൺസിൽ. ഈ കൗൺസിൽ പത്തോളം പദ്ധതികൾ എംഎസ്എംഇയുടെ വികസനത്തിനായി കൊണ്ടുവന്നു. അവ പ്രധാനമായും കമ്പോള വളർച്ചയെ ഉത്തേജിപ്പിക്കുവാനും സാങ്കേതിക മികവ് വളർത്താനും സുതാര്യമാക്കാനും വൈദഗ്ധ്യം വളർത്താനും അടിസ്ഥാന സൗകര്യങ്ങൾ വികസിപ്പിക്കാനുമായിട്ടായിരുന്നു ഊന്നൽ കൊടുത്തത്.

**കമ്പോള വളർച്ചയെ ഉത്തേജിപ്പിക്കാനായുള്ള പദ്ധതികൾ താഴെപറയുന്നവയാണ് ബാർകോഡിനുള്ള സബ്സിഡി** : ബാർകോഡ് വാങ്ങുന്നവനും വിൽക്കുന്നവനും ഞൊടിയിടയ്ക്കുള്ളിൽ നൂറു ശതമാനം കൃത്യതയോടെ പരസ്പരം വിവരങ്ങൾ അറിയാനുള്ള ഒരു സംവിധാനമാണിത്. ഇത് സംരംഭങ്ങൾ സ്വീകരിച്ച് കഴിഞ്ഞാൽ വിൽപ്പന നമുക്ക് കൃത്യമായി അറിയാം. ഉൽപാദനം ഏറ്റവും ലാഭകരമായ രീതിയിൽ കൃത്യതപ്പെടുത്താം.



അസംസ്കൃത പദാർത്ഥങ്ങൾ ആവശ്യത്തിന് മാത്രം ക്രമീകരിക്കാം. ഇതിലൂടെ പാഴ്ചെലവ് ഇല്ലാതാക്കാം. അങ്ങനെ ലാഭം ഉയർത്താം.

ബാർകോഡ് ഇല്ലാതെ ഭക്ഷ്യ, മരുന്ന് പായ്ക്കറ്റ് ഉൽപ്പന്നങ്ങളുടെ കയറ്റുമതി അനുവദിക്കുന്നില്ല. വിദേശ രാജ്യങ്ങളിൽ സാധനങ്ങൾ കടകളിൽ വാങ്ങി വിൽക്കണമെങ്കിൽ ബാർകോഡ് ഉണ്ടാവണം. നാട്ടിലെ സൂപ്പർ മാർക്കറ്റുകൾ പോലും ബാർകോഡ് ഇല്ലാതെ സാധനങ്ങൾ വാങ്ങിവയ്ക്കുന്നില്ല. മാത്രവുമല്ല ബാർകോഡ് ഒരു പ്രത്യേക സൗന്ദര്യവും പായ്ക്കറ്റിന് നൽകുന്നുണ്ട്. ഇക്കാരണങ്ങളാൽ ഗവൺമെന്റ് സൂക്ഷ്മ, ചെറുകിട സ്ഥാപനങ്ങളെ ബാർകോഡ് സ്വീകരിക്കുവാൻ പ്രോത്സാഹിപ്പിക്കുന്നു. അതിനായി ഗവൺമെന്റ് അതിന് വരുന്ന ചെലവിന്റെ 75 ശതമാനം സബ്സിഡി ആയി തിരികെ കൊടുക്കുന്നു.

ഇവിടെ രണ്ടുതരം ചെലവുകളാണ് ബാർകോഡ് സ്വീകരിക്കുന്നതിലേക്കായി വരുന്നത്. ഒന്ന് ഒറ്റ പ്രാവശ്യം മാത്രമായി വരുന്ന രജിസ്ട്രേഷൻ ഫീസ്. രണ്ട്, വർഷാവർഷം വരുന്ന പുതുക്കൽ ഫീസ്. പുതുക്കൽ ഫീസിന്റെ സബ്സിഡി ആദ്യത്തെ മൂന്ന് വർഷത്തേക്ക് മാത്രമായി നിജപ്പെടുത്തിയിരിക്കുന്നു.

സബ്സിഡി ലഭിക്കുന്നതിനായി സംരംഭകർ ചെയ്യേണ്ട കാര്യങ്ങൾ ഇവയാണ്.

1. ബാർകോഡ് നൽകാൻ അധികാരപ്പെട്ട ഗ്ലോബൽ സ്റ്റാൻഡേട്സ്-1 (GS1) എന്ന സ്ഥാപനത്തിൽ നിന്ന് ലഭിച്ച ലൈസൻസിന്റെ കോപ്പി ഹാജരാക്കണം. അത് ജില്ലാ വ്യവസായ കേന്ദ്രം ജനറൽ മാനേജർ സാക്ഷ്യപ്പെടുത്തിയിരിക്കണം.

2. ലൈസൻസ് ലഭിക്കാനായി GS1 ന് കൊടുത്ത പണത്തിന്റെ ജനറൽ മാനേജർ സാക്ഷ്യപ്പെടുത്തിയ കോപ്പി ഹാജരാക്കണം.

3. സംരംഭം സൂക്ഷ്മമോ, ചെറുതോ എന്നും അത് ഇപ്പോൾ പ്രവർത്തിക്കുന്നുണ്ടോ എന്നും സാക്ഷ്യപ്പെടുത്തണം.

4. സംരംഭത്തിലെ നിക്ഷേപത്തോത് ജനറൽ മാനേജർ സാക്ഷ്യപ്പെടുത്തണം.



5. സംരംഭത്തിന്റെ ലെറ്റർ ഹെഡിൽ മൂന്ന് pre receipt ബിൽ തയ്യാറാക്കണം. അതിൽ റവന്യൂ സ്റ്റാമ്പ് ഒട്ടിച്ചിരിക്കണം. തുക എഴുതേണ്ട. അത് ഓഫീസ് കണക്കുകൂട്ടി എഴുതി ചേർത്ത് കൊള്ളും.

ഇതോടൊപ്പം നിങ്ങളുടെ ബാങ്ക് വിവരങ്ങളും കൂടി കാണിക്കുന്ന ബാങ്കിൽ നിന്ന് ലഭിക്കുന്ന മാൻഡേറ്റ് ഫോമോ അല്ലെങ്കിൽ സ്ഥാപനത്തിന്റെയോ ഉടമയുടേയോ വ്യക്തമായ വിവരങ്ങൾ അടങ്ങിയ ചെക്ക് ലീഫിന്റെ കോപ്പിയോ വയ്ക്കുകയാണെങ്കിൽ ഏകദേശം ഒരു മാസത്തോടെ ഈ 75 ശതമാനം സബ്സിഡി നിങ്ങളുടെ ബാങ്ക് അക്കൗണ്ടിൽ എത്തിപ്പെടുന്നതാണ്.

ഇതിലേക്കാവശ്യമായ അപേക്ഷാ ഫോറത്തിനും മറ്റ് അനുബന്ധ വിവരങ്ങൾക്കും www.msme.gov.in എന്ന വെബ്സൈറ്റ് സന്ദർശിക്കാവുന്നതാണ്.

## MATU Scheme (Marketing Assistance and Technology Upgradation Scheme):

കമ്പോള വളർച്ചയെ സഹായിക്കാനുള്ള മറ്റൊരു പദ്ധതിയാണിത്. പ്രോഡക്ട് സർട്ടിഫിക്കേഷൻ, ISI പോലുള്ള സ്റ്റാൻഡേർഡ് മാർക്കുകൾ ഉൽപ്പന്നങ്ങൾക്ക് ലഭിക്കുകയാണെങ്കിൽ അത്തരം ഉൽപന്നങ്ങൾ ഗുണഭോക്താക്കൾ സംശയലേശമന്യേ ആത്മവിശ്വാസത്തോടെ വാങ്ങിക്കുന്നു. ഇന്ത്യയിൽ ഇത്തരം മുദ്രകൾ നൽകുന്ന സ്ഥാപനമാണ് ബ്യൂറോ ഓഫ് ഇന്ത്യൻ സ്റ്റാൻഡേർഡ്സ് (Bureau of Indian standards (BIS)). BIS ന്റെ സൈറ്റിൽ കയറിയാൽ അവിടെ രണ്ട് തരം ഉൽപന്നങ്ങളെ തരംതിരിച്ചിരിക്കുന്നതായി കാണാം. ഒന്ന് നിർബന്ധമായും മുദ്ര എടുക്കേണ്ടതായ ഉൽപന്നങ്ങൾ, രണ്ട് അല്ലാത്തവയും. കുപ്പി വെള്ളം, വൈദ്യുതി സാമഗ്രികൾ എന്നിവ നിർബന്ധമായും സ്റ്റാൻഡേർഡ് മുദ്ര എടുത്തതിന് ശേഷം മാത്രം ഉൽപാദിപ്പിക്കേണ്ട ഉൽപന്നങ്ങളാണ്.

സൂക്ഷ്മ ചെറുകിട മേഖലയിലെ വ്യവസായ ഉൽപന്ന നിർമ്മാണത്തിൽ ഏർപ്പെട്ടിരിക്കുന്ന, മുദ്ര നിർബന്ധമല്ലാത്ത ഉൽപന്നങ്ങൾ ഉൽപ്പാദിപ്പിക്കുന്ന



സംരംഭങ്ങൾക്ക് അത്തരം സ്റ്റാൻഡേർഡ് മുദ്ര എടുക്കുകയാണെങ്കിൽ അതിനു വരുന്ന ചെലവിന്റെ 75 ശതമാനമോ അല്ലെങ്കിൽ 1.5 ലക്ഷമോ ഏതാണോ കുറവ് അത് ഗവൺമെന്റ് സബ്സിഡിയായി തിരികെ നൽകുന്നതാണ്.

പല വിദേശ സ്റ്റാൻഡേർഡ് മുദ്രകളും ഉണ്ട്. ഉദാഹരണത്തിന് CE, ANSI എന്നിവ. ഇവ തെരഞ്ഞെടുക്കുകയാണെങ്കിൽ ചെലവിന്റെ 75 ശതമാനം അല്ലെങ്കിൽ 2 ലക്ഷം രൂപ ഗവൺമെന്റ് സബ്സിഡിയായി നൽകുന്നു.

ഇത് ലഭിക്കുന്നതിന് സംരംഭങ്ങൾക്ക് 4 തരം ചെലവുകൾ വരുന്നു.

1. അപേക്ഷാ ഫീസ്.
2. ലൈസൻസ് ഫീസ്.
3. ടെസ്റ്റിങ്ങിനും കാലിബ്രേഷനും വേണ്ടി വരുന്ന ചാർജ്.
4. ഇൻസ്പെക്ഷൻ ഫീസ്.

അപേക്ഷ സമർപ്പിക്കേണ്ടത് ബാർകോഡിനെന്നപോലെ സംരംഭം ഉൾക്കൊള്ളുന്നത് രാജ്യത്തെ ഏത് സൂക്ഷ്മ ചെറുകിട ഇടത്തരം സംരംഭ വികസന സ്ഥാപനത്തിന്റെ കീഴിലാണോ അവിടെയാണ് സമർപ്പിക്കേണ്ടത്. കേരളത്തിൽ അത് തൃശൂരിലുള്ള അയ്യന്തോളിലാണ്.

ബാർകോഡിനെന്നപോലെയാണ് ഇവിടെയും അപേക്ഷ സമർപ്പിക്കേണ്ടത്. ചെറിയ വ്യത്യാസം മാത്രം. മേൽ പറഞ്ഞ നാല് തരം ചെലവുകളുടെ തുക ഒരു ചാർട്ടേഡ് അക്കൗണ്ടന്റ് സാക്ഷ്യപ്പെടുത്തിയിരിക്കണം.

വിദേശ മാർക്കറ്റ് ലക്ഷ്യമാക്കി ധാരാളം അന്തർദേശീയ വിപണന മേളകളിൽ പങ്കെടുക്കാൻ സൂക്ഷ്മ, ചെറുകിട സംരംഭങ്ങളെ ഗവൺമെന്റ് പ്രോത്സാഹിപ്പിക്കുന്നുണ്ട്. കഴിഞ്ഞ സാമ്പത്തിക വർഷം 17 ഓളം അത്തരം വിദേശവിപണനമേളകളിൽ പങ്കെടുക്കാൻ അവസരം ഒരുക്കിയിരുന്നു. ഇതിലേക്കായി ചെലവാകുന്ന വിമാനക്കൂലിയുടെ 80 ശതമാനവും അവിടെ സ്റ്റാൾ എടുക്കാൻ വേണ്ടി വരുന്ന ചെലവിന്റെ 80 ശതമാനവും ഗവൺമെന്റ്



സബ്സിഡിയായി തിരികെ നൽകുന്നു. ഇതിന് ഉയർന്ന പരിധി നിജപ്പെടുത്തിയിട്ടുണ്ട്.

അതുപോലെ നാട്ടിൽ നടക്കുന്ന സർക്കാർ അനുമതിയുള്ള വിപണനമേളകളിൽ പങ്കെടുക്കുന്ന സൂക്ഷ്മ ചെറുകിട വ്യവസായ സംരംഭങ്ങൾക്ക് അതിൽ പങ്കെടുക്കേണ്ടുന്ന ചെലവിലേക്കായി 30000 രൂപയോ അല്ലെങ്കിൽ യഥാർത്ഥ ചെലവോ ഏതാണോ കുറവ്, അത് സർക്കാർ സബ്സിഡിയായി നൽകുന്നു. ഇവയ്ക്കുള്ള അപേക്ഷയും അതാത് സൂക്ഷ്മ ചെറുകിട ഇടത്തര സംരംഭ വികസന സ്ഥാനത്തിൽ സമർപ്പിക്കേണ്ടതാണ്.

**പൊതുശേഖരണ നയം** : കമ്പോള വികസനത്തിനായി 2012 ൽ സർക്കാർ കൊണ്ടുവന്ന മറ്റൊരു പദ്ധതിയാണ് പൊതുശേഖരണ നയം. ഇതുപ്രകാരം എല്ലാ സർക്കാർ ഓഫീസുകളും പൊതുമേഖലാ സംരംഭങ്ങളും അവരുടെ വാർഷിക ശേഖരണത്തിന്റെ 20 ശതമാനം നിർബന്ധമായി സൂക്ഷ്മ ചെറുകിട വ്യവസായ സംരംഭങ്ങളിൽ നിന്നായിരിക്കണം. 2015 ൽ ഇത് നിർബന്ധമായി പ്രാവർത്തികമാക്കി കഴിഞ്ഞു. ഇതിൻപ്രകാരം ഏകദേശം 136000 കോടി രൂപയുടെ ഉൽപന്ന സേവനങ്ങൾ പൊതു മേഖലാ സ്ഥാപനങ്ങൾക്ക് സൂക്ഷ്മ ചെറുകിട സംരംഭങ്ങളിൽ നിന്ന് വാങ്ങേണ്ടി വരുമെന്ന് കണക്കാക്കപ്പെടുന്നു. 20 ശതമാനത്തിന്റെ 4 ശതമാനം പട്ടികജാതി/പട്ടിക വർഗ വിഭാഗത്തിൽ നിന്നുള്ള സംരംഭകർക്കായി മാറ്റി വെച്ചിരിക്കുന്നു.

**ഉദ്യോഗ് ആധാർ നമ്പർ (UAN)** : ഈ രജിസ്ട്രേഷൻ എടുത്തിട്ടുള്ള എല്ലാ സൂക്ഷ്മ ചെറുകിട സംരംഭകർക്കും ഇതിൽ ഭാഗമാകാം. അങ്ങനെയുള്ളവർക്ക് ടെൻഡർ ഫോം സൗജന്യമാണ്. നിരതദ്രവ്യം കെട്ടിവയ്ക്കേണ്ടതില്ല. 15 ശതമാനം വരെ പ്രൈസ് പ്രിഫറൻസും നൽകുന്നുണ്ട്. മുൻപരിചയം വേണമെന്നുള്ള നിബന്ധനയും ലഘൂകരിച്ചിട്ടുണ്ട്.



**ഗവൺമെന്റ് ഇ-മാർക്കറ്റ് (Government e-market (GeM)) :** സൂക്ഷ്മ ചെറുകിട സംരംഭങ്ങളെ പ്രോത്സാഹിപ്പിക്കാനുള്ള മറ്റൊരു പദ്ധതിയാണിത്. ഇവിടെ രജിസ്റ്റർ ചെയ്യുകയാണെങ്കിൽ ഗവൺമെന്റിന് ആവശ്യമായ ഉൽപന്നങ്ങൾ ചുരുങ്ങിയ വില പ്രദാനം ചെയ്യുന്ന സൂക്ഷമ ചെറുകിട സ്ഥാപനങ്ങളിൽ നിന്ന് വാങ്ങാൻ ഇത് ഉപകരിക്കപ്പെടുന്നു. അവർക്ക് മുൻഗണനയും ലഭ്യമാകുന്നു.

വിപണന ഉന്നമനത്തിനായി ഗവൺമെന്റ് സ്വീകരിച്ച പ്രധാന പദ്ധതികൾ ഇവയെല്ലാമാണെങ്കിൽ സാങ്കേതിക മികവിനായി ഗവൺമെന്റ് സ്വീകരിച്ച നയം പദ്ധതികൾ ക്ലസ്റ്റർ രൂപേണ നടപ്പിലാക്കുകയെന്നതാണ്. ക്ലസ്റ്റർ എന്നാൽ ഒരേ ഉൽപ്പന്നം ഉൽപാദിപ്പിക്കുന്ന ഒരു പ്രദേശത്ത് പ്രത്യേകിച്ച് നിലകൊളളുന്ന സംരംഭങ്ങളുടെ കൂട്ടായ്മയാണ്. ഇത്തരം ക്ലസ്റ്റേഴ്സ് വഴി സാങ്കേതിക മികവിനായി ഗവൺമെന്റ് ഒത്തിരി പദ്ധതികൾ രൂപീകരിച്ചിട്ടുണ്ട്. അതിലൊന്നാണ് ലീൻ മാനുഫാക്ചറിങ് ഉപായം. എംഎസ്എംഇ മന്ത്രാലയം ഇത് നടപ്പിലാക്കാൻ നിയോഗിച്ചിരിക്കുന്നത് ദേശീയ ഉൽപ്പാദനക്ഷമതാ കൗൺസിലിനെയാണ് (NPC). കൗൺസിൽ LM Technique ഘട്ടംഘട്ടമായി ക്ലസ്റ്ററിലെ എല്ലാ മെമ്പർ സംരംഭങ്ങളിലും നടപ്പിലാക്കുന്നു. ഒന്നോ രണ്ടോ വർഷം കൊണ്ട് തന്നെ ഉൽപ്പാദന ക്ഷമത ഇരട്ടിയായി വർദ്ധിപ്പിക്കാൻ ഇത് സഹായിക്കുന്നു. ഇതിലേക്കായി വരുന്ന ചെലവിന്റെ 80 ശതമാനവും ഗവൺമെന്റാണ് വഹിക്കുന്നത്. ബാക്കി ഗുണഭോക്താവും.

സാങ്കേതിക മികവിനായുള്ള ഗവൺമെന്റിന്റെ ഏറ്റവും തിളക്കമുള്ള പദ്ധതിയാണ് സൂക്ഷ്മ ചെറുകിട സംരംഭ-ക്ലസ്റ്റർ വികസന പദ്ധതി (MSE CDP). ഇത് ക്ലസ്റ്ററിലെ എല്ലാ അംഗ സംരംഭത്തിന്റെയും മൊത്തത്തിലുള്ള വളർച്ചയെ ലക്ഷ്യം വയ്ക്കുന്നു. അതായത് ഒരോ സംരംഭത്തിന്റെയും സാങ്കേതിക മികവ്, വിപണന മികവ്, വൈദഗ്ധ്യ മികവ്, അടിസ്ഥാന സൗകര്യ മികവ്, ഗവേഷണ വികസന മികവ് എന്നിവയെ ഈ പദ്ധതി സാധ്യമാക്കുന്നു. 25 അംഗ സംരംഭകർ ഇതിൽ ഉണ്ടായിരിക്കണം. ക്ലസ്റ്ററിന്



പരമാവധി 25 കോടി രൂപയോളം സാമ്പത്തിക സഹായം നേടാം. ഇതിൽ 80 ശതമാനം ഗവൺമെന്റ് വിഹിതമാണ്. ബാക്കി ഗുണഭോക്താക്കളും സംസ്ഥാന സർക്കാരും കണ്ടെത്തണം.

ക്ലസ്റ്റർ പ്രാബല്യത്തിലാവുന്നതോടെ മേൽ പറഞ്ഞ മികവിന് വേണ്ടതായ എല്ലാ സൗകര്യവും ഇവിടെ ഒരുക്കപ്പെടുന്നു.

2014 ൽ ഗവൺമെന്റ് കൊണ്ടുവന്ന, സാങ്കേതിക മികവിനൊപ്പം മറ്റ് മികവുകളും ഓരോരോ സംരംഭങ്ങൾക്കും നേരിട്ട് ലഭിക്കുന്ന രീതിയിൽ സമന്വയിപ്പിച്ച ഒരു പദ്ധതിയാണ് ZED പദ്ധതി. ZED എന്നാൽ ZERO DEFECT and ZERO EEFECT. എന്നുവച്ചാൽ കമ്പോളത്തിൽ നിന്ന് ഒരു കാരണവശാലും മോശം എന്ന കാരണത്താൽ ഒരു ഉൽപന്നവും തിരിച്ച് വരാൻ പാടില്ല. അതാണ് ZED DEFECT. അതുപോലെ നമ്മുടെ ഉൽപ്പാദന പ്രക്രിയ ഒരു കാരണവശാലും അന്തരീക്ഷത്തിന് ഒരു ഹാനിയും വരുത്തരുത്. അതാണ് ZERO EFFECT.

ഈ പദ്ധതിയുടെ നടത്തിപ്പ് ചുമതല ക്വാളിറ്റി കൗൺസിൽ ഓഫ് ഇന്ത്യ(QCI)ക്കാണ്. നടത്തിപ്പിനായി അവർ ഒരു e-platform വികസിപ്പിച്ചിട്ടുണ്ട്. അതിൽ എല്ലാ സൂക്ഷ്മ ചെറുകിട ഉൽപ്പാദന സംരംഭങ്ങൾക്കും സൗജന്യമായി രജിസ്റ്റർ ചെയ്യാം.

പദ്ധതിയിൽ ചേരുക മൂലം ഘട്ടംഘട്ടമായുള്ള സംരംഭങ്ങളുടെ വികസനത്തെ അവർ 5 നിലയായി തരംതിരിക്കുന്നു. വെങ്കലം, വെള്ളി, സ്വർണം, വജ്രം, ഏറ്റവും ഉയർന്ന നില പ്ലാറ്റിനം. ഈ പടവു കയറ്റം സാധ്യമാകുന്നത് ഓരോരോ വ്യവസായത്തിനും അവർ നിശ്ചയിച്ചിട്ടുള്ള പാരാമീറ്ററുകളിലുള്ള മികവ് കൈവരിക്കുന്നതിലൂടെയാണ്.

QCI പന്ത്രണ്ടോളം മാനേജ്മെന്റുകളിൽ നിന്നായി 50 പാരാമീറ്ററുകൾ നിർണയിച്ചിട്ടുണ്ട്. ഇവിടെ രജിസ്റ്റർ ചെയ്യുന്ന ഓരോ സംരംഭവും അവർക്കായി നിർദ്ദേശിക്കപ്പെട്ട 20 നിർബന്ധിത പാരാമീറ്ററും തിരഞ്ഞെടുക്കാവുന്ന 10 പാരാമീറ്ററും പ്രായോഗികമായി പ്രാവർത്തികമാക്കണം. ഇത്



പ്രാവർത്തികമാക്കുന്നതിന്റെ ഗുണനിലവാരതലമാണ് മേൽപറഞ്ഞ അഞ്ച് നിലകൾ.

പാരാമീറ്ററുകൾ നടപ്പിലാക്കുമ്പോൾ നേടുന്ന സാങ്കേതിക മികവിനെ 3 തലത്തിലായി e-platform ൽ നമുക്ക് മൂല്യനിർണയം നടത്താം. ആദ്യ മൂല്യനിർണയം സ്വന്തമായി ചെയ്യാം. പിന്നീട് Desk Top മൂല്യ നിർണയത്തിന് QCI വേദിയൊരുക്കുന്നു. അതിനുശേഷം ആവശ്യമെങ്കിൽ ഓൺ-സൈറ്റ് മൂല്യ നിർണയത്തിനും സംവിധാനമുണ്ട്. ഇതിനുപുറമേ രാജ്യരക്ഷാ അനുബന്ധ വ്യവസായ സംരംഭങ്ങൾക്കും അതിന് താൽപര്യമുള്ളവർക്കും വേണ്ടി മറ്റൊരു മൂല്യനിർണയമുണ്ട്. ഈ ഓരോ മൂല്യനിർണ്ണയത്തിനും 10000 രൂപ, 80000 രൂപ, 40000 രൂപ എന്നീ ക്രമത്തിൽ QCI ഈടാക്കുന്നുണ്ട്. മൂല്യനിർണയത്തിൽ നിന്ന് ഗുണനിലവാരനില മെച്ചപ്പെട്ടുവെങ്കിൽ ഗവൺമെന്റ് ഈ തുകയുടെ 80 ശതമാനം, 60 ശതമാനം, 50 ശതമാനം എന്നീ നിരക്കിൽ യഥാക്രമം സൂക്ഷ്മ ചെറുകിട ഇടത്തര സംരംഭങ്ങൾക്ക് സബ്സിഡി നൽകുന്നു. ഈ പദ്ധതി സാങ്കേതികതയുടെ വളർച്ചയെ വളരെയധികം സഹായിക്കുമെന്നു അനുമാനിക്കുന്നു.

## ക്യൂഎംഎസ്, ക്യുടിടി (QMS-QTT)

സാങ്കേതിക വളർച്ചയെ ഉന്നംവച്ച് ഗവൺമെന്റ് കൊണ്ടുവന്ന മറ്റൊരു പദ്ധതിയാണിത്. ക്വാളിറ്റി മാനേജ്മെന്റ് സിസ്റ്റം, ക്വാളിറ്റി ടെക്നോളി ടൂൾസ് എന്നിവയാണിത്. ആഗോളതലത്തിലുള്ള നല്ല വ്യാവസായിക പ്രാക്ടീസുകളെ നാം അതേപടി സ്വീകരിക്കുകയാണിവിടെ ചെയ്യുന്നത്. ക്വാളിറ്റി മാനേജ്മെന്റ് സിസ്റ്റത്തിന്റെ കീഴിൽ ISO സർട്ടിഫിക്കേഷൻ വരുന്നു.അഞ്ച് ISO സർട്ടിഫിക്കേഷന് ഗവൺമെന്റ് സബ്സിഡി നൽകിയിരുന്നു. അവ ISO 9001, ISO 14000, ISO 18000, ISO 22000, ISO 27000 എന്നിവയാണ്. ZED പദ്ധതിയുടെ ആവിർഭാവത്തോടെ ഈ സബ്സിഡി നിർത്തലാക്കി.



ക്വാളിറ്റി ടെക്നോളജി ടൂൾസിന്റെ കീഴിൽ 5S, TQM, 7QC, Tools, TPM മുതലായവ വരുന്നു. ഇവയെല്ലാം ക്ലസ്റ്റർ അടിസ്ഥാനത്തിൽ നടപ്പിലാക്കുന്നു. ഇതിന്റെ 80 ശതമാനം ചെലവും ഗവൺമെന്റാണ് വഹിക്കുന്നത്.

ഇത്തരം പദ്ധതികളിലൂടെ സൂക്ഷ്മ ചെറുകിട ഇടത്തര സംരംഭങ്ങൾ മുന്നോട്ട് കുതിക്കണമെങ്കിൽ ധാരാളം ഊർജ്ജസ്വലരായ സംരംഭകർ ഉണ്ടാവണം. അവർ കൃത്യമായ ദിശാബോധത്തോടെ യാഥാർത്ഥ്യങ്ങളെ ഉൾക്കൊണ്ട് ഉറച്ച കാൽവെപ്പോടെ മുന്നോട്ടു നീങ്ങണം. ഇത് സാക്ഷാത്കരിക്കാൻ നമുക്കു കുറച്ച് അടിസ്ഥാന വിവരങ്ങളെക്കുറിച്ച് ഗാഢമായ അവബോധം വേണം.

ആദ്യമായി മനസ്സിലാക്കേണ്ടത് നമ്മുടെ സംസ്ഥാനത്തിന്റെ അവസ്ഥയാണ്. ജനസാന്ദ്രത വളരെ കൂടുതലുള്ള സംസ്ഥാനമാണിത്. അതുകൊണ്ട് തന്നെ എവിടെ സംരംഭം തുടങ്ങുകയാണെങ്കിലും അതിനെ മുളയിലേ നുള്ളുവാനുള്ള ഒരു പ്രവണത ചുറ്റുപാടുമുണ്ട്. സംരംഭം വളർന്ന് അത് തന്റെ സ്വച്ഛതയ്ക്ക് ഭംഗം വരുത്തേണ്ട; അതിനു മുമ്പേ മുളയിലേ നുള്ളിക്കളയാം എന്നതാണ് ചുറ്റുപാടുമുള്ളവരുടെ പ്രവണത. രണ്ടാമതായി നമ്മുടെ നാട് എല്ലായ്പ്പോഴും ഒരു നിക്ഷേപക സൗഹൃദം ആയിരിക്കണമെന്ന് നമുക്ക് ശഠിക്കാൻ സാധ്യമല്ല.

സംരംഭം തുടങ്ങാൻ ഉദ്ദേശിക്കുന്നയാൾ അതിനായി തിരഞ്ഞെടുക്കുന്ന ഉൽപന്നം അല്ലെങ്കിൽ സേവനം അദ്ദേഹത്തിന്റെ ഹൃദയത്തിൽ നിന്ന് വരുന്നതായിരിക്കണം. അല്ലെങ്കിൽ മേൽപറഞ്ഞ ബുദ്ധിമുട്ടുകൾ ഉണ്ടാവുമ്പോൾ നാം ഇട്ടിട്ട് പോവാൻ നിർബന്ധിതരായി തീരുന്നു. ഇത് സംഭവിക്കാതിരിക്കാൻ സംരംഭകൻ ഒന്നുകിൽ തന്റെ വിദ്യാഭ്യാസ പ്രാവീണ്യത്തിൽ നിന്നുരിത്തിരിഞ്ഞ ഏതെങ്കിലും ഉൽപന്നമോ സേവനമോ തിരഞ്ഞെടുക്കുക. അല്ലെങ്കിൽ തനിക്ക് എന്തിനോടെങ്കിലും ഒരു കടുത്ത അഭിനിവേശം ഉണ്ടോയെന്ന് തന്നോട് തന്നെ ചോദിക്കുക. വ്യക്തമായ ഒരുത്തരം ഉണ്ടെങ്കിൽ നമുക്ക് അതുമായി ധൈര്യമായി മുന്നോട്ടു പോകാം.



വ്യക്തമായ ഒരുത്തരം ഇല്ലെങ്കിൽ വളരെ സ്പഷ്ടമായ ഒരു വിശകലനത്തിന് നാം തയ്യാറാവണം.

ഭാഗികമായി ഇക്കാര്യത്തിൽ നമ്മെ സഹായിക്കാൻ തൃശൂരിലെ സൂക്ഷ്മ ചെറുകിട ഇടത്തര വികസന സ്ഥാപനമുണ്ട്. നമ്മുടെ നാട്ടിൽ ചെയ്താൽ വിജയിക്കാൻ സാധ്യതയുള്ള സംരംഭങ്ങളുടെ ഒരു പട്ടിക സർവേയുടെ അടിസ്ഥാനത്തിൽ പ്രസിദ്ധപ്പെടുത്തിയിട്ടുണ്ട്. 10 വർഷം മുമ്പ് പ്രസിദ്ധപ്പെടുത്തിയതാണ്. അന്നത്തെ പലതും ഇന്ന് പ്രായോഗികമല്ല. എന്നിരുന്നാലും ഉൽപന്നങ്ങളുടേയും സേവനങ്ങളുടേയും നല്ലൊരു ശേഖരത്തെ പരിചയപ്പെടാൻ അത് സഹായിക്കുന്നു.

എന്നാൽ ഇതിനേക്കാൾ വളരെ പ്രധാനപ്പെട്ടതും ചെറിയൊരു പരിശ്രമം കൊണ്ട് ഒത്തിരിയേറെ വിവരം ലഭിക്കുന്നതുമായ മറ്റൊന്നിനെ പരിചയപ്പെടുത്താം. നേരത്തെ സൂചിപ്പിച്ച പൊതുശേഖരണ നയവുമായി ബന്ധപ്പെട്ടതാണ്. നയപ്രകാരം ഒത്തിരിയേറെ ഉൽപന്ന സേവനങ്ങൾ പൊതുമേഖലാ സ്ഥാപനങ്ങൾ സൂക്ഷ്മ ചെറുകിട സ്ഥാപനങ്ങളിൽ നിന്ന് ശേഖരിക്കേണ്ടതുണ്ട്. അത്തരം വിവരങ്ങൾ അവരുടെ വെബ്സൈറ്റിൽ ലഭ്യമാണ്. ഉദാഹരണമായി BPCL എന്ന് നെറ്റിൽ കൊടുത്താൽ ഭാരത് പെട്രോളിയം കോർപ്പറേഷൻ ലിമിറ്റഡിന്റെ സൈറ്റിലെത്താം. അതിന്റെ കൂടെ കൊച്ചി എന്നുകൂടി കൊടുത്താൽ കൊച്ചിയിലുള്ള ഭാരത് പെട്രോളിയം കോർപ്പറേഷന്റെ സൈറ്റിൽ എത്താം. ഇതിന്റെ കൂടെ Vendor development എന്നു കൂടെ കൊടുത്താൽ കൊച്ചിയിലുള്ള BPCL എന്ന പൊതുമേഖലാ സ്ഥാപനത്തിന് സൂക്ഷ്മ ചെറുകിട സംരംഭങ്ങളിൽ നിന്ന് ഏതേത് ഉൽപന്ന സേവനങ്ങളാണോ സംഭരിക്കേണ്ടത് അതിന്റെ വിവരങ്ങളടങ്ങുന്ന സൈറ്റിലേക്ക് എത്താൻ സാധിക്കുന്നു. സേവനവും ഉൽപന്നവുമായി ഏകദേശം 6000ത്തോളം ഇനങ്ങൾ അവർക്കാവശ്യമുണ്ട്. ഈ ഇനങ്ങളെ പരിചയപ്പെടുമ്പോൾ ഉൽപന്ന-സേവനങ്ങളെക്കുറിച്ചുള്ള നമ്മുടെ മാനം വളരെ വലുതാകുന്നു.



ബിപിസിഎല്ലിനെപോലെ കൊച്ചിൻ ഷിപ്പ്യാർഡ് ലിമിറ്റഡ് എന്നു കൊടുത്ത് അതിന്റെ കൂടെ വെൻഡർ ഡെവലപ്മെന്റ് എന്നുകൂടെ കൊടുത്താൽ കൊച്ചിൻ ഷിപ്പ്യാർഡിന് ഏതേതൊക്കെ ഉൽപന്ന സേവനങ്ങളാണോ സൂക്ഷമ ചെറുകിട സംരംഭങ്ങളിൽ നിന്ന് ലഭിക്കേണ്ടത് അവയെ സംബന്ധിക്കുന്ന വിവരങ്ങൾ നമുക്ക് അവിടെ ലഭിക്കുന്നു. അതുപോലെ മറ്റേത് പൊതുമേഖലാ സ്ഥാപനത്തിന്റെ പേരിന്റെ കൂടെ വെൻഡർ ഡെവലപ്മെന്റ് എന്നുകൂടെ കൊടുത്താൽ അവയ്ക്കെല്ലാം തന്നെ സൂക്ഷ്മ ചെറുകിട സംരംഭങ്ങളിൽ നിന്ന് സംഭരിക്കേണ്ടതായ ഉൽപന്ന സേവനങ്ങളുടെ ഇനം തിരിച്ച പട്ടിക ലഭ്യമാവുന്നതാണ്. ഇങ്ങനെ എല്ലാ പൊതുമേഖലാ സംരംഭങ്ങളുടേയും സൈറ്റ് പരിശോധിച്ച് കഴിയുമ്പോൾ നമുക്ക് വളരെ ബൃഹത്തായ ഒരു ഇന വിവര പട്ടിക തന്നെ പരിചയപ്പെടാൻ സാധിക്കുകയാണ്.

ഇത് കൂടാതെ DC MSME Project profies എന്ന് നെറ്റിൽ കൊടുത്താൽ സൂക്ഷ്മ ചെറുകിട ഇടത്തര സംരംഭ വികസന കമ്മീഷണർ കാര്യാലയം വിവിധ ഉൽപന്ന സേവനങ്ങൾ അപ്‌ലോഡ് ചെയ്തിട്ടുള്ള സൈറ്റിലെത്താം. അവിടെ ഉൽപന്ന-സേവന ഇനങ്ങൾ മാത്രമല്ല അവയുടെ ബൃഹത്തായ പദ്ധതി ആസൂത്രണ രേഖാചിത്രം (Project Report) സഹിതം സൗജന്യമായി ലഭ്യമാണ്. ഇത് ഒരു മാതൃകയായി മാത്രമേ ഉപയോഗിക്കാൻ പറ്റൂ. കാരണം വർഷങ്ങൾക്ക് മുൻപുള്ള വിലയും നിലവാരവുമാണ് അതിൽ ചേർത്തിരിക്കുന്നത്. ഇന്നത്തേതിന് അത് യോജിക്കണമെന്നില്ല.

DC MSME പ്രകാരം കേന്ദ്ര സർക്കാരിന്റെ ഇതരവ്യവസായ പോഷണ സ്ഥാപനങ്ങളായ KVIC-ഖാദി ആന്റ് വില്ലേജ് ഇൻഡസ്ട്രീസ് കമ്മീഷൻ, NSIC- നാഷണൽ സ്മാൾ ഇൻഡസ്ട്രീസ് കമ്മീഷൻ, SIDBI- സ്മാൾ ഇൻഡസ്ട്രീസ് ഡവലപ്മെന്റ് ബാങ്ക് ഓഫ് ഇന്ത്യ എന്നിവയ്ക്ക് Small B എന്നൊരു സൈറ്റുണ്ട്. ഇതിലെല്ലാം ഉൽപന്ന സേവന ലിസ്റ്റും പദ്ധതി ആസൂത്രണ രേഖാചിത്രവും സാങ്കേതിക വിവരണവും ഉണ്ട്.



ഇതിനുപുറമേ സംസ്ഥാന സർക്കാർ സൈറ്റായ kerala industry, KVIB-ഖാദി ആന്റ് വില്ലേജ് ഇൻഡസ്ട്രീസ് ബോർഡ്, ഒടുവിലായി വന്ന MUDRA എന്നിവയുടെയെല്ലാം സൈറ്റിൽ ഉൽപന്ന-സേവന വിവരങ്ങളും അവയുടെ സാങ്കേതിക വിവരണവും ലഭ്യമാണ്.

മുൻ വിവരിച്ച സംരംഭത്തിലേക്ക് വരാൻ താൽപര്യമുള്ളവർ ആദ്യമായി ഈ സൈറ്റുകളിലെ ഉൽപന്ന-സേവന ഇനങ്ങളെ നന്നായി പരിചയപ്പെടണം. എന്നിട്ട് അവരവരുടെ സാഹചര്യത്തിൽ നിന്നുകൊണ്ട് ഏറ്റവും സൗകര്യപ്രദവും ലാഭകരവുമായി ചെയ്യാൻ പറ്റാവുന്നത് ഏതാണെന്ന് നന്നായി വിശകലനം ചെയ്തതിനുശേഷം മാത്രം എത്തിച്ചേരണം. അങ്ങനെ ഒന്ന് തിരഞ്ഞെടുത്ത് കഴിഞ്ഞാൽ മറ്റെല്ലാത്തിനേയും മറന്നേക്കുക. നമ്മുടെ ഊർജ്ജം നമ്മുടെ ചിന്തകൾ ആണ്. അവ ചിതറി മറ്റെല്ലാത്തിലേക്കും പോയാൽ നമ്മുടെ തന്നെ ഊർജ്സ്വലമായി പ്രവർത്തി പഥത്തിലേക്ക് കയറേണ്ട ഊർജം നിഷ്ക്രിയമായി പോവുകയാണ്. അത് സംഭവിക്കാതിരിക്കാൻ മറ്റെല്ലാത്തിനേയും മറന്നിട്ട് തിരഞ്ഞെടുത്തതിന്റെ മാത്രം ആഴങ്ങളിലേക്ക് ശ്രദ്ധയെ കൊണ്ടുപോവുക. ഇങ്ങനെ തിരഞ്ഞെടുക്കുമ്പോൾ രണ്ട് കാര്യങ്ങൾ പ്രത്യേകം ശ്രദ്ധിക്കണം.

നാം തിരഞ്ഞെടുക്കുന്ന ഉൽപന്നത്തിലോ സേവനത്തിലോ ഒട്ടധികം സംരംഭകരില്ല എന്ന് ഉറപ്പാക്കുക. ഒരേ ഉൽപന്നത്തിലേക്ക് ഒത്തിരിയധികം സംരംഭകർ വന്നാൽ അത് വിപണിയെ ബാധിക്കും. അത് തിരിച്ചടി തന്നേക്കാം. അതുകൊണ്ട് അധികം സംരംഭകരില്ല എന്ന് ഉറപ്പാക്കുക. അങ്ങനെയാവുമ്പോൾ നമ്മുടെ മാർക്കറ്റിംഗ് സ്പേസ് നമുക്ക് നിലനിർത്താം. പ്രാരംഭത്തിൽ ഒരു അപരിചിത സാങ്കേതിക വിദ്യ പുൽകുക ബുദ്ധിമുട്ട് ആയേക്കാം. എന്നാൽ കാലാന്തരേ അതിൽ ആധിപത്യം പുലർത്താം എന്നതിന് ധാരാളം ഉദാഹരണങ്ങളുണ്ട്.

കഴിഞ്ഞ വർഷം എംഎസ്എംഇ ദേശീയ പുരസ്കാരം കേരളത്തിൽ നിന്ന് ലഭിച്ചത് ശ്രീ.ജോസഫ് ലൂവീസിനാണ്. 2015 ൽ ഇന്ത്യയിൽ നിന്നുള്ള



റബ്ബർ കയറ്റുമതിക്കാണ് കോട്ടയത്തെ ഹൈറേഞ്ച് റബ്ബേഴ്സിന് ദേശീയ അവാർഡ് ലഭിച്ചത്. റബ്ബർ ഉൽപന്നങ്ങളുടെ കയറ്റുമതിയിൽ ആണ് അദ്ദേഹത്തിന് പുരസ്കാരം ലഭിച്ചത്. ഇന്ന് റബ്ബർ ടെക്നോളജിയിൽ വിദഗ്ധാഭിപ്രായം പറയാൻ അദ്ദേഹത്തിനാകും.

ഉൽപന്ന-സേവനങ്ങൾ തിരഞ്ഞെടുക്കുമ്പോൾ നമ്മൾ ശ്രദ്ധിക്കേണ്ട മറ്റൊരു പ്രധാനപ്പെട്ട കാര്യം അതിന്റെ വിപണിയെപ്പറ്റിയാണ്. അതിനാൽ നാം തിരഞ്ഞെടുത്ത ഉൽപന്നം വിപണിയിൽ ചെലവായി പോകുമോ എന്ന കാര്യം നാം തന്നെ നേരിട്ട് ഒരന്വേഷണം നടത്തണം. ഉൽപന്നത്തിന്റെ ഡീലേഴ്സിനോട് ഇതു സംബന്ധിച്ച് ചോദിക്കണം. അതിന്റെ മൊത്തക്കച്ചവടക്കാരോട് അല്ലെങ്കിൽ ചില്ലറ വിൽപ്പനക്കാരോട് അതും അല്ലെങ്കിൽ ഉപഭോക്താവിനോടായാൽ പോലും കുഴപ്പമില്ല. ഇതുവഴി നമുക്ക് പ്രോത്സാഹജനകമായ ഉത്തരമാണ് ലഭിക്കുന്നതെങ്കിൽ തീർച്ചയായും ധൈര്യമായിട്ട് ഉൽപാദനത്തിലേക്ക് തിരിയാം. ഉൽപാദനം താരതമ്യേന എളുപ്പമാണ്.

ഉൽപ്പാദനത്തിന് നമ്മെ സഹായിക്കാൻ ഒരുപാട് ഏജൻസികൾ ഉണ്ട്. പ്രധാനമായും രണ്ടുതരം സഹായമാണ് നമുക്ക് വേണ്ടത്. ആദ്യം രജിസ്ട്രേഷൻ രണ്ടാമത് സാമ്പത്തിക സഹായം.

വ്യവസായ വളർച്ചയ്ക്കുവേണ്ടി ഐക്യരാഷ്ട്രസഭയുടെ നിർദ്ദേശാനുസരണം ഇന്ത്യ ഏറെ വ്യവസായ സുതാര്യനടപടികൾ സ്വീകരിച്ചിട്ടുണ്ട്. അതിലൊന്നാണ് ഉദ്യോഗ് ആധാർ മെമ്മോറാണ്ടം. എംഎസ്എംഇയുടെ രജിസ്ട്രേഷന് വേണ്ടി udyogaadhar.gov.in എന്ന സൈറ്റിൽ കയറുക. സമാനമായ ഒത്തിരി വ്യാജസൈറ്റുകളുള്ളതിനാൽ ജാഗ്രത പാലിക്കേണ്ടതുണ്ട്.

udyogaadhar.gov.in എന്ന സൈറ്റിൽ കയറുമ്പോൾ സംരംഭകന്റെ ആധാർ നമ്പറും ആവശ്യപ്പെടും. അത് ലിങ്ക് ചെയ്യേണ്ടതുണ്ട്. അവരൊരു OTP അയച്ചു തരും. അത് തിരിച്ചയച്ചാൽ നിങ്ങൾക്കൊരു അപേക്ഷാ



ഫോമിൽ കയറാം. അവിടെ 20 ഓളം ചോദ്യങ്ങളുണ്ട്. അതിന് കൃത്യമായി ഉത്തരം കൊടുത്താൽ സിസ്റ്റം തന്നെ നിങ്ങൾക്ക് ഒരു നമ്പർ അയച്ചുതരും. അതാണ് ഉദ്യോഗ് ആധാർ നമ്പർ. ഇതാണ് നിങ്ങൾക്കുളള വ്യവസായ വകുപ്പിന്റെ രജിസ്ട്രേഷൻ. ഇതിന് ഒരു ഫീസും കൊടുക്കേണ്ടതായോ ഒരു പ്രമാണമോ രേഖയോ സമർപ്പിക്കേണ്ടതായോ ഇല്ല.

എന്നാൽ സംരംഭം തുടങ്ങാൻ ഇതുകൊണ്ടുമാത്രം സാധ്യമല്ല. ഇതിനു മറ്റു പല അനുമതികൾ കൂടി ആവശ്യമുണ്ട്. പ്രധാനമായും മലിനീകരണം, ഫയർ &സേഫ്ടി, ആരോഗ്യവുമായി ബന്ധപ്പെട്ടതാണെങ്കിൽ ഡി.എം.ഒ. എന്നിവിടങ്ങളിൽ നിന്നെല്ലാം അനുമതി ലഭിക്കണം. ഇത്തരം ഓരോരോ അനുമതിക്കായി ഓരോരോ ഓഫീസ് കയറിയിറങ്ങേണ്ടതിനു പകരം സംസ്ഥാന സർക്കാരിന്റെ വ്യവസായ ഓഫീസായ ജില്ലാ വ്യവസായ കേന്ദ്രത്തിൽ ഒരു പ്രത്യേക സംവിധാനം ഒരുക്കിയിട്ടുണ്ട്. അതിന്റെ പേരാണ് സിംഗിൾ വിൻഡോ ക്ലിയറൻസ്. ജില്ലാ കളക്ടർ അടങ്ങുന്ന ഈ ബോഡി മാസത്തിലൊരിക്കൽ തീർപ്പാക്കുന്ന ഒരു സംവിധാനമാണ്.

ഇങ്ങനെ തീർപ്പായ അനുമതികളുടെ സഹായത്തോടെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളായ പഞ്ചായത്തിനേയോ മുൻസിപ്പാലിറ്റിയേയോ സമീപിക്കുകയാണെങ്കിൽ ലഭിച്ച അനുമതികളുടെ ബലത്തിൽ അവർ സംരംഭം ആരംഭിക്കാനുളള അനുമതി നൽകുന്നതാണ്. അപ്പോൾ മാത്രമേ ഉൽപ്പാദനം ആരംഭിക്കാവൂ. അങ്ങനെ ആദ്യ ഉൽപാദന വേളയിലാണ് ഉദ്യോഗ് ആധാർ നമ്പറിന് ശ്രമിക്കേണ്ടത്.

വ്യവസായം ഭരണഘടന പ്രകാരം സംസ്ഥാന സർക്കാരിന്റെ പട്ടികയിലായതുകൊണ്ട് അതിന്റെ രജിസ്ട്രേഷൻ ഉദ്യോഗ് ആധാർ വരുന്നതിന് മുമ്പ് ജില്ലാ വ്യവസായ കേന്ദ്ര ഓഫീസിലാണ് ചെയ്യേണ്ടിയിരുന്നത്. എന്നാൽ 18.09.2015 ൽ ഉദ്യോഗ് ആധാർ നിലവിൽ വന്നതിന് ശേഷം ഓഫീസിൽ പോയി രജിസ്റ്റർ ചെയ്യേണ്ട ആവശ്യമില്ല.

സംരംഭം തുടങ്ങുന്നതിനുളള സാമ്പത്തിക സഹായവും ജില്ലാവ്യവസായ കേന്ദ്രം നൽകുന്നുണ്ട്. അവർക്ക് രണ്ട് പദ്ധതികൾ ഉണ്ട്.



പ്രധാനമായും അവ ഓൻട്രപ്രണർ സപ്പോർട്ട് സ്കീം (ESS ) ഉം പ്രൈംമിനിസ്റ്റേർസ് എംപ്ലോയ്മെന്റ് ജെനറെഷൻ പ്രോഗ്രാമും(PMEGP) ആണ്. ഇതിൻ പ്രകാരം 25 ലക്ഷത്തോളം രൂപ സംരംഭം തുടങ്ങാനായി നൽകുന്നുണ്ട്. ഇതിൽ ഏകദേശം 20 ശതമാനത്തിലേറെ സബ്സിഡിയും നൽകുന്നുണ്ട്.

കേന്ദ്രസർക്കാർ സംരംഭകർക്കായി കൊണ്ടുവന്ന ഒരു സാമ്പത്തിക പദ്ധതിയാണ് CGTMSE-Credit Guarantee Trustfund for Micro Small Enterprises. ഇതിൻ പ്രകാരം സൂക്ഷമ ചെറുകിട മേഖലയിലെ ഒരു സംരംഭകന് സ്വന്തമായി ഒരു സംരംഭം ആരംഭിക്കാനായി ഒരു കോടി രൂപ വരെ ജാമ്യമില്ലാതെ അല്ലെങ്കിൽ ഗവൺമെന്റ് ജാമ്യത്തിൽ വായ്പ നൽകാനുള്ള പദ്ധതിയാണിത്.

ഇതുപോലെ ഒട്ടനവധി പദ്ധതികൾ എംഎസ്എംഇയുടെ വളർച്ചയ്ക്കും വികസനത്തിനും വേണ്ടി സർക്കാർ മുന്നോട്ട് കൊണ്ടുവന്നിട്ടുണ്ട്. ജനസംഖ്യയുടെ 64 ശതമാനത്തോളം 15 വയസ്സിനും 60 വയസ്സിനും ഇടയിലുള്ളവരാണ്. രാജ്യത്തിന് ശ്രേഷ്ഠകരമായവിധത്തിൽ ഇവരെ വിനിയോഗിക്കണമെങ്കിൽ എംഎസ്എംഇ മേഖല ഇനിയും വളർന്നേ മതിയാകൂ. അതിന് ധാരളം സംരംഭകർ വേണം. ഈ പദ്ധതികളെല്ലാം അവരെ അഭിവൃദ്ധിപ്പെടുത്തും എന്ന് നമുക്ക് പ്രതീക്ഷിക്കാം.

**യോജന,**

**നവംബർ, 2017.**



# Waste Disposal and Sustainable Energy Generation

Susan Mariamma Cheriyan

In this era of globalisation where the world is getting much exposure to a wide variety of activities than in the older times, social security is assumed to play a significant part of its own. In the words of International Labour Organization (ILO) social security is the security that society furnishes through appropriate organizations against certain risks to which its members are exposed. The need for such a system is that these risks sometimes falls out of the control of the people that they require the intervention of a higher body like the state. As most of the modern democratic states are welfare states, they are well equipped to serve this purpose. It is in fact the key responsibility of a welfare state to ensure the well being of its citizens. The welfare rests not only upon the economic well being but also on the social well being of each and every individual. Health care, sanitation, education, insurance, employment, medical care etc are some of the responsibilities of the state aiming at the welfare of its citizens. Thus welfare in one sense can be defined as the benefits that people derive from the services provided by the state. If these benefits are to be effective and if the positive impacts are to reach the people, then the state must have a proper governance system.

Better social security can ensure a promising and self reliant future. In one way or the other it has the inputs that will enhance the productivity and efficiency of the individuals through the provision of its various services. Being not only a concept but also a system in itself, social security encompasses all the aspects that are vital for ensuring a better standard of living. Fundamentally, a better standard of living depends mostly upon the basic necessities of life; of which sanitation appears to be a crucial ingredient. In this sense, sanitation has become so critical for the well being of any person in the society. Accordingly sanitation is both an obligation on the part of



the state as well as a right on the part of the people. Sanitation as a concept narrates the obligatory role of the state along with the right of any individual to access it. Whereas sanitation as a system is mainly associated with the responsibility assigned to the authority so that people are able to realize it Sanitation includes systems meant for managing waste water, solid waste, liquid waste, provisions for clean drinking water, clean air to breathe, community environmental sanitation etc. As such, the system is closely interlinked with the health of the community, health of others and the environment.

